പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5473 — 28/07/2015- ൽ മറുപടിക്ക്

## ജൈവവൈപ്പിൻ പദ്ധതിയിലുൾപ്പെട്ട കുഴുപ്പിള്ളി പഞ്ചായത്തിലെ പ്രവൃത്തികൾ

ചോദ്യം
ശ്രീ. എസ്. ശർമ്മ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പൊക്കാളികൃഷി, മത്സ്യകൃഷി, എന്നിവ മികവുറ്റരീതിയിൽ നടപ്പാക്കുന്നതിന് കുഴുപ്പിള്ളി പഞ്ചായത്തിലെ പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത പ്രദേശത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദമാക്കാമോ; | ബി) | കുഴുപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുന്ന പൊക്കാളി പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'Revitalization of Pokkali Paddy' എന്ന പദ്ധതി 632.15 ലക്ഷം രൂപയ്ക്ക് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കുഴുപ്പിള്ളി പ്രദേശത്ത് 10 HP, 20HP, 50HP മോട്ടോർ, പെട്ടി, പറ സ്ഥാപിക്കൽ, മോട്ടോർ, പെട്ടി, പറയിലേക്കുള്ള വൈദ്യുതീകരണം, കോൺക്രീറ്റ് സ്ലൂയിസുകളുടെ നിർമ്മാണം, മെതിയന്ത്രം വാങ്ങൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | സി) | ഭരണാനുമതി നല്കിയിട്ടില്ല. ആർ.കെ.വി.വൈ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | ജൈവവൈപ്പിൻ പദ്ധതിയിലുൾപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് കുഴുപ്പിള്ളി പഞ്ചായത്തിലുൾപ്പെട്ടുകയെന്ന് വ്യക്തമാക്കാമോ; | ഡി) | കുഴുപ്പിള്ളി പഞ്ചായത്ത് ഉൾപ്പെടുന്ന പൊക്കാളി പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'Revitalization of Pokkali Paddy' എന്ന പദ്ധതി 632.15 ലക്ഷം രൂപയുടെ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കുഴുപ്പിള്ളി പ്രദേശത്ത് 10 HP, 20HP, 50HP മോട്ടോർ, പെട്ടി, പറ സ്ഥാപിക്കൽ, മോട്ടോർ, പെട്ടി, പറയിലേക്കുള്ള വൈദ്യുതീകരണം, കോൺക്രീറ്റ് സ്ലൂയിസുകളുടെ നിർമ്മാണം, മെതിയന്ത്രം വാങ്ങൽ എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഇ) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | ഇ) | കുഴുപ്പിള്ളി പഞ്ചായത്തിലെ അരങ്ങിലാണ്-അയ്യമ്പിള്ളി പാടശേഖരത്തിന്റെ അടിസ്ഥാന വികസന പ്രവൃത്തികൾ നടപ്പിലാക്കുന്ന തിനായി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കിയാലുടൻ തന്നെ പണികൾ ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ